പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1608 — 06.03.2020-ൽ മറുപടിയ്ക്ക്

## മലപ്പുറത്ത് ഇൻകെൽ ഭൂമിയിൽ സ്ഥലം ഏറ്റെടുക്കുന്ന നടപടി

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് കീഴിൽ ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കും വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനും സ്ഥാപിക്കുന്നതിന് ഇൻകെൽ എഡ്യു സിറ്റിയുടെ കൈവശമുള്ള ഭൂമിയിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | മലപ്പുറം ജില്ലയിലെ വേങ്ങര എന്ന സ്ഥലത്തെ ഇൻകെലിന്റെ ഉടമസ്ഥതയിലുള്ള 30 ഏക്കർ സ്ഥലം 30 വർഷത്തേക്ക് ലീസ് തുക ഇക്വിറ്റി ഷെയർ വ്യവസ്ഥയിൽ ഷാർജ മോഡൽ ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുവാൻ ലഭ്യമാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുവാൻ കർശന നിർദ്ദേശം നൽകുമോ; വിശദമാക്കാമോ? | (ബി) | പദ്ധതിക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുവാനായി ഇൻകെലിന് കത്ത് നൽകിയിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ തുക ധന പുനർവിനിയോഗം വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ